(സി) എങ്കിൽ നിയമനത്തിന് അപേക്ഷ നൽകുന്നതിനുള്ള കാലാവധി ഒരു മാസം കൂടി ദീർഘിപ്പിക്കുവാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സഹകരണ ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് ജില്ലാ സഹകരണബാങ്കുകൾ തയ്യാറാക്കി. അംഗീകരിച്ച റിക്രൂട്ട്മെന്റ് ചട്ടപ്രകാരമാണ് ജില്ലാ ബാങ്കിലെ നിയമനകാര്യങ്ങളിൽ പി.എസ്.സി. നടപടി സ്വീകരിക്കുന്നത്. സഹകരണചട്ടം 187-ൽ പ്രതിപാദിക്കുന്ന അപേക്ഷകർക്ക് വിദ്യാഭ്യാസ യോഗ്യതയിൽ പ്രത്യേക ഇളവുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല. ആയതിനാൽ ചട്ടപ്രകാരമുള്ള വിജ്ഞാപനത്തിന് മാറ്റം വരുത്തേണ്ടതില്ല. ഏതെങ്കിലും കാരണത്താൽ കാലാവധി ദീർഘിപ്പിക്കേണ്ടതുണ്ടെങ്കിൽ അക്കാര്യം തീരുമാനിക്കേണ്ടത് പി.എസ്.സി.യാണ്.

132 (1041) റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികളുടെ കീഴിൽ എത്ര ഫാക്ടറികളാണ് പ്രവർത്തിക്കുന്നത്;

(ബി) ഈ ഫാക്ടറികളിലെ ഓഫീസ് ജീവനക്കാർക്ക് ശമ്പള സ്കെയിൽ ബാധകമാക്കിയിട്ടുണ്ടോ;

(സി) ഫാക്ടറി തൊഴിലാളികൾക്ക് ശമ്പള സ്കെയിൽ ബാധകമാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) എല്ലാ ഫാക്ടറികളിലും തൊഴിലാളികൾക്ക് ശമ്പള സ്കെയിൽ ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 18 എണ്ണം.

(ബി) ബാധകമാക്കിയിട്ടുണ്ട്.

(സി) എറണാകുളം, പാലക്കാട്, ഇടുക്കി, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട എന്നീ ജില്ലകളിലുള്ള റബ്ബർ മാർക്കറ്റിംഗ് സംഘങ്ങളുടെ കീഴിലുള്ള ഫാക്ടറികളിലെ ജീവനക്കാർക്ക് ശമ്പള സ്കെയിൽ ബാധകമാക്കിയിട്ടില്ല. ചങ്ങനാശ്ശേരി റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും ശമ്പള സ്കെയിൽ ബാധകമാക്കിയിട്ടുണ്ട്.

(ഡി) മിക്ക ഫാക്ടറികളും നഷ്ടത്തിൽ പ്രവർത്തിക്കുന്ന കാരണത്താലാണ് ഫാക്ടറി തൊഴിലാളികൾക്ക് പ്രത്യേകമായി ശമ്പള സ്കെയിൽ ബാധകമാക്കാൻ സാധിക്കാത്തത്.

(ഇ) സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly